പോലീസ് കംപ്ലയിന്റ് അതോറിറ്റി

162 (167)ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിനായി ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) രൂപീകരിച്ചുണ്ട്.

(ബി) 2011-ലെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം പോലീസ് സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള സ്വഭാദൂഷ്യം സംബന്ധിച്ച എല്ലാ തരത്തിലുള്ള പരാതികളും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ താഴോട്ട് റാങ്കിലുള്ള ഏത് പോലീസ് ഉദ്യോഗസ്ഥന്റെയും പേരിലുള്ള ഗുരുതര സ്വഭാവമുള്ള പരാതികൾ അതായത് കസ്റ്റഡിയിലുള്ള സ്ത്രീകളെക്കെതിരെയുള്ള ലൈംഗിക പീഡനം, ബലാൽസംഗം, മരണത്തിനിടയാക്കുന്ന പരുക്കേൽപ്പിക്കൽ, ഗുരുതരമായ പരുക്കേൽപ്പിക്കൽ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ സ്വീകരിച്ച് നടപടി നിർദ്ദേശിക്കുക എന്നതാണ് സംസ്ഥാനതല പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ചുമതല. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ താഴോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരിശോധിച്ച് നടപടി നിർദ്ദേശിക്കുകയാണ് ജില്ലാതലപോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ചുമതല.

(സി) പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാഹനം, ഓഫീസ്, ഫർണിച്ചർ, ജീവനക്കാർ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) വിലയിരുത്തിയിട്ടുണ്ട്.

LIBRARY• ARCHIVES Kerala Legislative Assembly